**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** **28-01-2026 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിംഗ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, വിതരണ നെറ്റ്‌വർക്കുകളിൽ ശേഷി വർദ്ധിപ്പിക്കുന്നതു ആവശ്യമായി വരുന്നു.<br><br>2024 ൽ ഉഷ്ണ തരംഗം മൂലം ഉണ്ടായ ക്രമാതീതമായ ലോഡ് വർദ്ധനവ് നേരിടുന്നതിനായി ദ്യുതി 2, RDSS പദ്ധതികളിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളോടൊപ്പം അതാതു പ്രദേശത്തെ സാഹചര്യം മുൻനിർത്തി വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം നേരിടുന്നതിനായുള്ള കൂടുതൽ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഫീൽഡ് ഓഫീസർമാർക്ക് അവസരം നൽകുകയും അത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്തിരുന്നു.<br><br>2024-ൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗം മൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർദ്ധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജ്ജാവശ്യകത നിറവേറ്റാൻ ദ്യുതി 2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാക്കി. പ്രധാനമായിട്ടും കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയ 3 ജില്ലകളിലാണ് ഇങ്ങനെ കണ്ടെത്തിയത്. ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 1023.04കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെഎസ്ഇബിഎൽ അംഗീകാരം നൽകുകയുണ്ടായി. |

ലോഡ് വർദ്ധനവ് അഭിമുഖീകരിക്കുന്നതിനായി, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലായി, ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, ലൈനുകളുടെ റീ കണ്ടക്ടറിങ് ഉൾപ്പെടെ 1033 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് .

ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിംഗ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, LT നെറ്റ്‌വർക്കുകളിൽ വരുന്ന ആവശ്യകതയിൽ വലിയ വർധനവ് പ്രതീക്ഷിക്കപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സൗകര്യവും ശേഷിയും 160 kVA ട്രാൻസ്ഫോർമറുകൾ നൽകുന്നു. പ്രാദേശിക തലത്തിൽ വൈദ്യുതി ആവശ്യകതയിൽ തുടർച്ചയായ വർധനയും ഉപഭോഗ രീതികളിലെ മാറ്റങ്ങളും പരിഗണിച്ച്, നിലവിൽ പ്രചാരത്തിലുള്ള 100 kVA സ്റ്റാൻഡേർഡിന് പകരമായി 160 kVA പൊതുവായ സ്റ്റാൻഡേർഡ് വിതരണ ട്രാൻസ്ഫോർമറായി സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

ലോഡ് വർദ്ധനവ് കൈകാര്യം ചെയ്യുന്നതിനായി, ട്രാൻസ്ഫോർമറുകൾ (ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെ) സ്ഥാപിക്കുന്ന പ്രവൃത്തികൾ, 2026-27 വരെ നടപ്പിലാക്കുന്നതിനായി, ദ്യുതി 2 പദ്ധതിയിൽ 4336 എണ്ണവും RDSS പദ്ധതിയിൽ, 1802 എണ്ണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്ത് നിന്നും വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. സബ്സ്റ്റേഷൻ കാസർഗോഡും ഉഡുപ്പിയിൽ നിന്നുള്ള 400 കെ.വി ലൈനും വിഭാവനം ചെയ്യുകയും പല തലങ്ങളിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കി 2021-22 കാലയളവിൽ ലൈനിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. നഷ്ടപരിഹാരം സംബന്ധിച്ച തടസ്സങ്ങൾ നിമിത്തം പ്രസ്തുത ലൈനിന്റെ നിർമ്മാണം തടസപ്പെട്ടു എങ്കിലും ഈ വർഷം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. സബ്സ്റ്റേഷൻ കോട്ടയം പ്രവർത്തനക്ഷമമാകുകയും 400 കെ.വി. ഇടമൺ

| | | | |
|---|---|---|---|
| | | | സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. തിരുവനന്തപുരം PGCIL, തൃശ്ശൂർ HVDC, കോഴിക്കോട് PGCIL സബ്സ്റ്റേഷനുകളുടെ ശേഷി വർധിപ്പിക്കുന്നതിനായി PGCIL-യുമായി ചർച്ചകൾ നടന്നു വരുന്നു. കൂടാതെ 2034-35 ആകുമ്പോൾ കൂടുതൽ വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരുന്നതിന്റെ ഭാഗമായി കൂടംകുളം ഭാഗത്തു നിന്നും ബാലരാമപുരം/ നെയ്യാറ്റിൻകര ഭാഗത്തേയ്ക്ക് പുതിയ 400കെ.വി ലൈൻ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ പഠിച്ചു വരുന്നു. പുറത്തുനിന്നും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിന് വൈദ്യുതി ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ കെ.എസ്.ഇ.ബി.എൽ., ട്രാൻസ് ഗ്രിഡ് 2.0, CAPEX 22-27 എന്നീ സമഗ്രമായ മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ നടപ്പിലാക്കിവരുകയാണ്. |
| (ബി) | തനത് പദ്ധതികളും ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പിലാക്കിയത് വഴി കഴിഞ്ഞ പത്ത് വർഷക്കാലം കൊണ്ട് വൈദ്യുതി പ്രസരണ രംഗത്ത് സംസ്ഥാനം വളരെയേറെ മുന്നേറിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തിന് പുറത്തു നിന്നുള്ള വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല ശക്തിപ്പെടുത്തുവാനും വൈദ്യുതോപയോഗം വർദ്ധിപ്പിക്കുന്നതനുസരിച്ച് ഭാവിയിലേക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്ത് തടസ്സരഹിതമായി വൈദ്യുതി വിതരണം നടത്തുവാനും വിഭാവനം ചെയ്ത പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. 10,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 2 ഘട്ടമായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് ഉൾപ്പടെ രണ്ടാം ഘട്ടം എന്നിങ്ങനെയുള്ള വിഭാഗങ്ങളിലായി 400 കെ വി യുടെ 3 സബ്സ്റ്റേഷനുകളും, 220 കെ വി യുടെ 22 സബ്സ്റ്റേഷനുകളും, ഒരു 110 കെ വി സബ്സ്റ്റേഷനും, 3670 സർക്യൂട്ട് കിലോമീറ്റർ എക്സ്ട്രാ ഹൈ വോൾട്ടേജ് ലൈനുകളും ആണ് പ്രധാനമായി ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>ട്രാൻസ്ഗ്രിഡ് പദ്ധതി പൂർണ്ണമായും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണ നഷ്ടത്തിൽ 107 മെഗാവാട്ടിന്റെ കുറവാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകും. |

| | | | |
|---|---|---|---|
| | | | ശരാശരി ഏകദേശം 250 കോടി രൂപയുടെ വരുമാന നേട്ടമാണ് ഇതിലൂടെ സംസ്ഥാനത്തിന് ലഭ്യമാകുക.<br><br>തനതു പദ്ധതികളും, ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പിലാക്കിയത് വഴി കഴിഞ്ഞ ഒൻപതര വർഷക്കാലം കൊണ്ട്, 101 സബ് സ്റ്റേഷനുകളാണ് നമുക്ക് പൂർത്തിയാക്കാൻ കഴിഞ്ഞത്. ഇതിൽ ഒരെണ്ണം 400 കെ വി സബ്സ്റ്റേഷനും 14 എണ്ണം 220 കെവി സബ്സ്റ്റേഷനും, പുതിയതും ശേഷി വർധിപ്പിച്ചതുമായി 50 എണ്ണം 110 കെ വി സബ്സ്റ്റേഷനും 7 എണ്ണം 66 കെ വി സബ്സ്റ്റേഷനും, 29 എണ്ണം 33 കെ വി സബ്സ്റ്റേഷനും ആണ്. കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ നീളുന്ന 400 കെ വി പവർ ഹൈവേ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്.<br><br>വൈദ്യുതി പ്രസരണ മേഖലയിൽ 2016-17 മുതൽ 2025 ഡിസംബർ വരെ കെ.എസ്.ഇ.ബി.എൽ. 8256.93 കോടി രൂപയുടെ മുതൽ മുടക്ക് നടത്തി. |
| (സി) | സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പം അത്രയും വൈദ്യുതി സംസ്ഥാനത്തുടനീളം തടസ്സരഹിതമായി എത്തിക്കുന്ന രീതിയിൽ പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിംഗ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, വിതരണ നെറ്റ്‌വർക്കുകളിൽ ശേഷി വർദ്ധിപ്പിക്കുന്നതു ആവശ്യമായി വരുന്നു.<br><br>2024 ൽ ഉഷ്ണ തരംഗം മൂലം ഉണ്ടായ ക്രമാതീതമായ ലോഡ് വർദ്ധനവ് നേരിടുന്നതിനായി ദ്യുതി 2, RDSS പദ്ധതികളിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളോടൊപ്പം അതാതു പ്രദേശത്തെ സാഹചര്യം മുൻനിർത്തി വേനൽക്കാലത്തെ അധിക വൈദ്യുതി ഉപഭോഗം നേരിടുന്നതിനായുള്ള കൂടുതൽ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഫീൽഡ് ഓഫീസർമാർക്ക് അവസരം നൽകുകയും അത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്തിരുന്നു.<br><br>2024-ൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗം മൂലം ക്രമാതീതവും അപ്രതീക്ഷിതവുമായുണ്ടായ ലോഡ് വർദ്ധനവ് കേരളത്തിലെ ചില പ്രദേശങ്ങളിലെ ഊർജ്ജാവശ്യകത നിറവേറ്റാൻ ദ്യുതി 2 പദ്ധതി പര്യാപ്തമല്ലാത്ത സ്ഥിതി വിശേഷം ഉണ്ടാക്കി. പ്രധാനമായിട്ടും കാസർഗോഡ്, മലപ്പുറം, ഇടുക്കി തുടങ്ങിയ 3 ജില്ലകളിലാണ് ഇങ്ങനെ കണ്ടെത്തിയത്. |

ഈ ജില്ലകൾക്കായി ദ്യുതി 2.0 പദ്ധതിയിൽ 1023.04കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെഎസ്ഇബിഎൽ അംഗീകാരം നൽകുകയുണ്ടായി.

ലോഡ് വർദ്ധനവ് അഭിമുഖീകരിക്കുന്നതിനായി, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലായി, ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ലൈൻ നിർമ്മാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, ലൈനുകളുടെ റീ കണ്ടക്ടറിങ് ഉൾപ്പെടെ 1033 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് .

ഇലക്ട്രിക് വാഹനങ്ങൾ, എയർ കണ്ടീഷനിംഗ് സംവിധാനങ്ങൾ, Solar Distributed Generation തുടങ്ങിയവ വർധിക്കുന്ന സാഹചര്യത്തിൽ, LT നെറ്റ്‌വർക്കുകളിൽ വരുന്ന ആവശ്യകതയിൽ വലിയ വർധനവ് പ്രതീക്ഷിക്കപ്പെടുന്നു. ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സൗകര്യവും ശേഷിയും 160 kVA ട്രാൻസ്ഫോർമറുകൾ നൽകുന്നു. പ്രാദേശിക തലത്തിൽ വൈദ്യുതി ആവശ്യകതയിൽ തുടർച്ചയായ വർധനയും ഉപഭോഗ രീതികളിലെ മാറ്റങ്ങളും പരിഗണിച്ച്, നിലവിൽ പ്രചാരത്തിലുള്ള 100 kVA സ്റ്റാൻഡേർഡിന് പകരമായി 160 kVA പൊതുവായ സ്റ്റാൻഡേർഡ് വിതരണ ട്രാൻസ്ഫോർമറായി സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

ലോഡ് വർദ്ധനവ് കൈകാര്യം ചെയ്യുന്നതിനായി, ട്രാൻസ്ഫോർമറുകൾ (ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുൾപ്പെടെ) സ്ഥാപിക്കുന്ന പ്രവൃത്തികൾ, 2026-27 വരെ നടപ്പിലാക്കുന്നതിനായി, ദ്യുതി 2 പദ്ധതിയിൽ 4336 എണ്ണവും RDSS പദ്ധതിയിൽ, 1802 എണ്ണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്ത് നിന്നും വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. സബ്സ്റ്റേഷൻ കാസർഗോഡും ഉഡുപ്പിയിൽ നിന്നുള്ള 400 കെ.വി ലൈനും വിഭാവനം ചെയ്യുകയും പല തലങ്ങളിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കി 2021-22 കാലയളവിൽ ലൈനിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തു. നഷ്ടപരിഹാരം സംബന്ധിച്ച തടസ്സങ്ങൾ നിമിത്തം പ്രസ്തുത ലൈനിന്റെ നിർമ്മാണം തടസപ്പെട്ടു എങ്കിലും ഈ വർഷം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള ലൈനുകളുടെയും

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫോർമറുകളുടെയും ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. സബ്സ്റ്റേഷൻ കോട്ടയം പ്രവർത്തനക്ഷമമാകുകയും 400 കെ.വി. ഇടമൺ സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു. തിരുവനന്തപുരം PGCIL, തൃശ്ശൂർ HVDC, കോഴിക്കോട് PGCIL സബ്സ്റ്റേഷനുകളുടെ ശേഷി വർധിപ്പിക്കുന്നതിനായി PGCIL-യുമായി ചർച്ചകൾ നടന്നു വരുന്നു. കൂടാതെ 2034-35 ആകുമ്പോൾ കൂടുതൽ വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരുന്നതിന്റെ ഭാഗമായി കൂടംകുളം ഭാഗത്തു നിന്നും ബാലരാമപുരം/ നെയ്യാറ്റിൻകര ഭാഗത്തേയ്ക്ക് പുതിയ 400കെ.വി ലൈൻ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ പഠിച്ചു വരുന്നു. പുറത്തുനിന്നും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിന് വൈദ്യുതി ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവ കെ.എസ്.ഇ.ബി.എൽ., ട്രാൻസ് ഗ്രിഡ് 2.0, CAPEX 22-27 എന്നീ സമഗ്രമായ മാസ്റ്റർ പ്ലാൻ പദ്ധതികളിലൂടെ നടപ്പിലാക്കിവരുകയാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കികൊണ്ടിരിക്കുന്ന ദ്യുതി 2 , റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം എന്നീ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ കെ.എസ്.ഇ.ബി.ലിമിറ്റഡ് നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് ദ്യുതി 2. ദ്യുതി 2.0 ൽ 4717കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. ഇതു കൂടാതെ മലപ്പുറം (411 കോടി), കാസറഗോഡ് (394 കോടി), ഇടുക്കി (218 കോടി) ജില്ലകളിലെ വിതരണ മേഖലയുടെ വികസനത്തിനായി ആകെ 1023 കോടി രൂപയുടെ ദ്യുതി സ്പെഷ്യൽ പാക്കേജും കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. ദ്യുതി 2 പദ്ധതിയിൽ ഇതുവരെ 2551 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ഊർജ്ജ മന്ത്രാലയം വിഭാവനം ചെയ്ത റീ വാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) പ്രവർത്തികളുടെ പുരോഗതികൾ ഫീൽഡ് ഓഫീസ് |

തലത്തിലും ബോർഡ് തലത്തിലും കൃത്യമായി വിലയിരുത്തി വരുന്നു.

ഇത് കൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കേരള വൈദ്യുതി വകുപ്പിന്റെയും ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയുടെയും നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി വരുന്നു.

കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നുള്ള ഉത്തരവ് പ്രകാരം, RDSS പദ്ധതിയുടെ Sunset period മാർച്ച് 2028 വരെ നീട്ടിയിട്ടുണ്ട്.

പ്രസ്തുത സ്കീമിനു കീഴിൽ loss reduction പ്രവൃത്തികൾ 3 സ്റ്റേജുകളിലായാണ് ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ഒന്നാം ഘട്ടം ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത് മാർച്ച് 2023 മുതൽ ജനുവരി 2024 വരെയുള്ള കാലയളവിലാണ്. ഇതിൽ 11 സബ് ട്രാൻസ്മിഷൻ പാക്കേജുകൾ ഉൾപ്പെടുന്നു. ഇവയുടെ നാളിതുവരെയുള്ള പുരോഗതി - 94 %

രണ്ടാം ഘട്ടം ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത് ജൂൺ 2024 മുതൽ സെപ്റ്റംബർ 2024 വരെയുള്ള കാലയളവിലാണ്. ഇതിൽ 59 ഡിസ്ട്രിബ്യൂഷൻ പാക്കേജുകൾ ഉൾപ്പെടുന്നു. ഇവയുടെ പുരോഗതി - 91 %

മൂന്നാം ഘട്ടം ടെൻഡർ ചെയ്ത് അവാർഡ് ചെയ്തത് ഒക്ടോബർ 2024 മുതൽ ഡിസംബർ 2024 വരെയുള്ള കാലയളവിലാണ്. ഇതിൽ 5 റീജിയണൽ പാക്കേജുകൾ ഉൾപ്പെടുന്നു - ഇവയുടെ പുരോഗതി - 7%

**മറ്റു പാക്കേജുകൾ**

IT/OT പാക്കേജ് - ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി വിവിധ ഐ.ടി/ഒ.ടി (ഇൻഫർമേഷൻ ടെക്നോളജി/ഓപ്പറേഷണൽ ടെക്നോളജി) പദ്ധതികളും നടപ്പിലാക്കി വരികയാണ്. 209.13 കോടി രൂപയുടെ പദ്ധതികൾ 9 പാക്കേജുകളായാണ് നടപ്പാക്കുന്നത്. എല്ലാ പദ്ധതികൾക്കും നിലവിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 2 പാക്കേജുകൾ ഇതിനകം പൂർത്തീകരിച്ചു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2028 മാർച്ച് 31നകം എല്ലാ ഐ.ടി./ഒ.ടി. പദ്ധതികളും പൂർത്തീകരിക്കും.

| | | | |
|---|---|---|---|
| | | | SCADA പാക്കേജ്-പുരോഗതി: 15.12.2025-ൽ എഗ്രിമെന്റ് വെക്കുകയും തുടർന്നുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ